**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1168** **06-02-2023 - ൽ മറുപടിയ്ക്ക്**

**ലെനിൻ രാജേന്ദ്രന്റെ പേരിൽ തീയേറ്ററും സാംസ്കാരിക സമുച്ചയവും നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലെനിൻ രാജേന്ദ്രന്റെ ജന്മനാട്ടിൽ അദ്ദേഹത്തിന്റെ പേരിൽ തീയേറ്ററും സാംസ്കാരിക സമുച്ചയവും നിർമ്മിക്കുന്നതിനുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ലെനിൻ രാജേന്ദ്രന്റെ സ്മാരകമായി അദ്ദേഹത്തിന്റെ ജന്മനാടായ തിരുവനന്ത-പുരം ജില്ലയിൽ ഊരുട്ടമ്പലത്ത് സാംസ്കാരിക കേന്ദ്രവും തീയേറ്ററും സ്ഥാപിക്കുന്നതിന് 2020-21 ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ഊരുട്ടമ്പലം ജംഗ്ഷന് സമീപം ടി പദ്ധതിക്ക് ഏകദേശം 110 സെന്റ് സ്ഥലം അനുയോജ്യമെന്ന് മലയിൻകീഴ് ഗ്രാമ-പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി-യുമായി കൂടിയാലോചിച്ച് നടപടികൾ ത്വരിതപ്പെടുത്തുവാൻ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്മാരകത്തിനായുള്ള ഭൂമി സംബന്ധിച്ച വിവരങ്ങൾ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കാൻ മലയിൻകീഴ് ഗ്രാമ-പഞ്ചായത്ത് സെക്രട്ടറിയോട് സാംസ്കാരിക വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | അനുയോജ്യമായ സ്ഥലം കണ്ടെത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ലെനിൻ രാജേന്ദ്രന്റെ സ്മാരകമായി അദ്ദേഹത്തിന്റെ ജന്മനാടായ തിരുവനന്തപുരം ജില്ലയിൽ ഊരുട്ടമ്പലത്ത് സാംസ്കാരിക കേന്ദ്രവും തീയേറ്ററും സ്ഥാപിക്കുന്നതിന് 2020-21 ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ഊരുട്ടമ്പലം ജംഗ്ഷന് സമീപം ടി പദ്ധതിക്ക് ഏകദേശം 110 സെന്റ് സ്ഥലം അനുയോജ്യമെന്ന് മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കൂടിയാലോചിച്ച് നടപടികൾ ത്വരിതപ്പെടുത്തുവാൻ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്മാരകത്തിനായുള്ള ഭൂമി സംബന്ധിച്ച വിവരങ്ങൾ, |

| | | | |
|---|---|---|---|
| | | | പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കാൻ മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സാംസ്കാരിക വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ